**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 322** **17-03-2025 - ൽ മറുപടിയ്ക്ക്**

**ലീഗൽ മെട്രോളജി വകുപ്പിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. എം. എം. മണി,<br>ശ്രീ. പി. നന്ദകുമാർ** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ വന്നശേഷം ലീഗൽ മെട്രോളജി വകുപ്പിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ലീഗൽ മെട്രോളജി വകുപ്പിൽ വയനാട്, കോട്ടയം, കാസർഗോഡ് ജില്ലകളിൽ ഓഫീസ് കെട്ടിട/ ലബോറട്ടറി കോംപ്ലക്സ് നിർമ്മാണം, ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ ഭാഗമായുള്ള പരിഷ്കാരങ്ങളുടെ പൂർത്തീകരണം, സ്ഫിഗ്മോമാനോമീറ്റർ വെരിഫിക്കേഷൻ ലബോറട്ടറി പ്രവർത്തനോദ്ഘാടനം, എറണാകുളം ലീഗൽ മെട്രോളജി ഭവനിൽ സോളാർ പവർ പ്ലാന്റ്, ക്ലിനിക്കൽ തെർമോമീറ്റർ ലാബ് പ്രവർത്തനോദ്ഘാടനം, വകുപ്പിന്റെ സേവനങ്ങൾ സംബന്ധിച്ച പരസ്യ ചിത്ര പ്രകാശനം, ഇ-ഓഫീസ് സംവിധാനം നടപ്പാക്കൽ, വ്യാപാര സ്ഥാപനങ്ങളിൽ പരിശോധന നടത്തുന്ന കർമ്മ പദ്ധതിയായ ഓപ്പറേഷൻ ജാഗ്രത, പെട്രോൾ ഡീസൽ വിതരണ കേന്ദ്രങ്ങളിൽ പരിശോധന നടത്തുന്ന കർമ്മ പദ്ധതിയായ ഓപ്പറേഷൻ ക്ഷമത, പരിശോധന മുടങ്ങിക്കിടക്കുന്ന അളവു തൂക്ക ഉപകരണങ്ങളുടെ വെരിഫിക്കേഷൻ അദാലത്ത്, ഫ്ലോ മീറ്റർ കാലിബ്രേഷൻ ലാബ് ഉത്ഘാടനം, ഉപഭോക്തൃ സംരക്ഷണാർത്ഥം വിവിധ മേഖലകളിൽ നടത്തി വരുന്ന പരിശോധനകൾ, നടപടികൾ എന്നിവയാണ് ലീഗൽ മെട്രോളജി വകുപ്പ് നടത്തി വരുന്ന പ്രധാന പ്രവർത്തനങ്ങൾ. |
| (ബി) | പൊതുജനങ്ങൾക്ക് പ്രസ്തുത വകുപ്പിന്റെ സേവനങ്ങൾ വേഗത്തിൽ എത്തിക്കുന്നതിനായി 'സുതാര്യം' എന്ന മൊബൈൽ ആപ്ലിക്കേഷൻ പുറത്തിറക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | പൊതുജനങ്ങൾക്ക് ലീഗൽമെട്രോളജി വകുപ്പിന്റെ സേവനങ്ങൾ വേഗത്തിൽ എത്തിക്കുന്നതിനായി "സുതാര്യം" മൊബൈൽ ആപ്പ് പുറത്തിറക്കിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് അളവ് തൂക്ക സംബന്ധമായ പരാതികൾ നൽകുന്നതിനും പരാതികളുടെ തൽസ്ഥിതി പരിശോധിക്കുന്നതിനും സുതാര്യം മൊബൈൽ ആപ്പിൽ സൗകര്യ മൊരുക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കൂടാതെ നിർവഹണ ഉദ്യോഗസ്ഥരെ ഫോൺ, ഇ-മെയിൽ, എസ്.എം.എസ് എന്നിവ മുഖേന ബന്ധപ്പെടുന്നതിനും മൊബൈൽ ആപ്പിൽ സൗകര്യം ഒരുക്കിയിട്ടുണ്ട്. അതോടൊപ്പം പരാതികൾ തീർപ്പാക്കുമ്പോൾ അത് സംബന്ധിച്ച വിവരം അറിയുവാനും പൊതുജനങ്ങൾക്ക് സാധിക്കുന്നതാണ്. കേന്ദ്രസർക്കാരിന്റെ UMANG എന്ന മൊബൈൽ സേവന പ്ലാറ്റ്ഫോമിൽ സുതാര്യം മൊബൈൽ ആപ്ലിക്കേഷൻ ഹോസ്റ്റ് ചെയ്തിട്ടുണ്ട്. കൂടാതെ, ലീഗൽമെട്രോളജി വകുപ്പ് ലഭ്യമാക്കുന്ന സേവനങ്ങൾ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനായി 15.03.2025 ന് ലീഗൽ മെട്രോളജി ഗൈഡും പ്രകാശനം ചെയ്തിട്ടുണ്ട്. |
| (സി) | വ്യാപാരസ്ഥാപനങ്ങൾ പരിശോധിക്കുന്നതിനും ന്യൂനതകൾ പരിഹരിക്കുന്നതിനും പദ്ധതികൾ ആവിഷ്കരിക്കുന്നതിനും അവ പ്രായോഗികമായി നടപ്പിലാക്കുന്നതിനും ലീഗൽ മെട്രോളജി വകുപ്പിന് കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (സി) | ഉണ്ട്. സർക്കാരിന്റെ 4-ാം നൂറ് ദിന കർമ്മ പരിപാടിയുടെ ഭാഗമായി "ജാഗ്രത" എന്ന പേരിൽ സംസ്ഥാന വ്യാപകമായി വ്യാപാര സ്ഥാപനങ്ങളിൽ പ്രത്യേക പരിശോധനകൾ നടത്തുകയും ആകെ 20,636 പരിശോധനകളിലായി 2026 നിയമലംഘനങ്ങൾ കണ്ടെത്തുകയും 59,99,000/- രൂപ കോമ്പൗണ്ടിംഗ് ഫീ ഇനത്തിൽ ഈടാക്കുകയും ചെയ്തു. |
| (ഡി) | ഓട്ടോറിക്ഷാ മീറ്റർ വെരിഫിക്കേഷൻ ക്യാമ്പുകളിലൂടെ വകുപ്പിന്റെ പ്രവർത്തനം കൂടുതൽ ജനകീയമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (ഡി) | ഉണ്ട്. സംസ്ഥാന വ്യാപകമായി താലൂക്ക് അടിസ്ഥാനത്തിൽ ഓട്ടോറിക്ഷാ മീറ്റർ വെരിഫിക്കേഷൻ ക്യാമ്പുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ പഞ്ചായത്തടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്ന ക്യാമ്പുകളിലും ഓട്ടോറിക്ഷാ മീറ്റർ വെരിഫിക്കേഷൻ ക്യാമ്പുകൾ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഓട്ടോറിക്ഷാമീറ്റർ വെരിഫിക്കേഷനായി ഏറെ ദൂരം സഞ്ചരിക്കേണ്ടി വരുന്ന കോങ്ങാട് മണ്ഡലത്തിലെ മണ്ണൂർ, മങ്കര, പരളി, കേരളശ്ശേരി കോങ്ങാട് പഞ്ചായത്തുകളിലെ ഓട്ടോറിക്ഷകൾക്കായി മണ്ണൂർ കേന്ദ്രീകരിച്ച് മീറ്റർ പുനഃപരിശോധനാ ക്യാമ്പുകളും, നെന്മാറ മണ്ഡലത്തിലെ ഐലൂർ, നെല്ലിയാംപതി, എലവഞ്ചേരി, പല്ലശ്ശന, കൊല്ലംകോട് പഞ്ചായത്തുകളിലെ ഓട്ടോറിക്ഷകൾക്കായി നെന്മാറ കേന്ദ്രീകരിച്ച് മീറ്റർ പുനഃപരിശോധനാ ക്യാമ്പുകളും ആരംഭിച്ചു. |

സെക്ഷൻ ഓഫീസർ